**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12488
Posted at Thodupuzha Stg.



Our Lady of Lourdes
Feb 11

Printed at St. Martha's Offset Printers, Murickassery 685 604 Editor, Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 14
ഫെബ്രുവരി 2017
ലക്കം 02



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Eparchy of Idukki
New Priests 2016 - 17



നവവൈദികർക്ക്
പ്രാർത്ഥനാശംസകൾ



ചങ്ങനാശ്ശേരി
അതിരൂപതയുടെ
പുതിയ സഹായമെത്രാനായി
നയുക്തനായിരിക്കുന്ന
തോമസ് തറയിലച്ചന്
രൂപതാക്കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



Newly Blessed
Presbitery, Muttukad

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 2
Month : February 2017





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ആഗോള രോഗീദിനാചരണം | 05 |
| തിരുബാലസഖ്യദിനം | 11 |
| രൂപതക്കച്ചേരി | 16 |
| ക്രിസ്തുജ്യോതി | 18 |
| വിദ്യാഭ്യാസം | 21 |
| സാമൂഹ്യസേവനം | 23 |
| തിരുബാലസഖ്യം | 27 |
| ചെറുപുഷ്പ മിഷൻലീഗ് | 28 |
| കെ.സി.എസ്.എൽ. | 28 |
| മദ്യവിരുദ്ധസമിതി | 29 |
| കുടുംബ പ്രേഷിതത്വം | 31 |
| മാതൃവേദി | 32 |
| പ്രാർത്ഥനാഗ്രൂപ്പ് | 33 |
| കത്തോലിക്കാ കോൺഗ്രസ് | 34 |
| കേരള ലേബർ മൂവ്മെന്റ് | 37 |
| ആത്മജ്യോതിയിലെ പരിപാടികൾ | 38 |
| വാർത്തകളും വിശേഷങ്ങളും | 38 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 41 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 42 |


***"May nonviolence become the hallmark of our decisions, our relationships and our actions."***

*Pope Francis, Tweet, 03-01-2017*

## ഓർമ്മിക്കാൻ

### ഫെബ്രുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ) |
| 03 | : | വി. എസ്തപ്പാനോസ് |
| 04 | : | വി. ജോൺ ബ്രിട്ടോ |
| 05–10 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 06 | : | പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമദിനം |
| | : | മൂന്ന് നോമ്പാരംഭം |
| 10 | : | ഗ്രീക്കു സഭാപിതാക്കന്മാർ |
| 11 | : | ലൂർദ്ദുമാതാവ് (രോഗീദിനം) |
| | : | അദ്ധ്യാപക അനാദ്ധ്യാപക സംഗമം, രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാൾ |
| 11–12 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 12 | : | തിരുബാലസഖ്യദിനം |
| 13–15 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 14–17 | : | വരദാന വളർച്ചാ ധ്യാനം, സ്നേഹമന്ദിരം, പടമുഖം |
| 16–19 | : | ദമ്പതീധ്യാനം, ആത്മജ്യോതി, അടിമാലി |
| 17 | : | സുറിയാനി സഭാപിതാക്കന്മാർ |
| 23 | : | വി. പൊലിക്കാർപ്പ് |
| 23–26 | : | കരിസ്മാറ്റിക് നാഷണൽ സെമിനാർ, ഗോവ |
| 24 | : | സകല മരിച്ചവരുടെയും ഓർമ്മ |
| | : | സി.എം.എൽ. രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്, കരിമ്പൻ |
| | : | കിഡ്സ് കലോത്സവം, കെ.സി.എസ്.എൽ. |
| | : | പ്രാർത്ഥനാദിനം, മാതൃവേദി |
| 24–25 | : | കെ.സി.വൈ.എം. വാർഷിക സെനറ്റ്, ആത്മജ്യോതി, അടിമാലി |
| 25 | : | സുവിശേഷോത്സവ പരിശീലനം, ആത്മജ്യോതി, അടിമാലി |
| | : | കെ.എൽ.എം. രൂപതാസംഗമം, ലയൺസ് ക്ലബ്ബ്, ചെറുതോണി |
| 26 | : | നോമ്പുകാലം ആരംഭിക്കുന്നു. |
| 27 | : | നോമ്പാരംഭം (ഉപവാസദിനം) |

C. 6. സർക്കുലർ

# 25-ാം ആഗോള രോഗീദിനാചരണ സന്ദേശം - 11 ഫെബ്രുവരി 2017

## ഫ്രാൻസിസ് മാർപാപ്പാ

### ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം

*"സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:49)*

പ്രിയ സഹോദരീസഹാദരന്മാരേ,

ഇരുപത്തഞ്ചാം ആഗോളരോഗീദിനം സഭ മുഴുവനിലും സവിശേഷമാംവിധം ലൂർദിലും ഫെബ്രുവരി 11-ന് ആഘോഷിക്കും. ഈ വർഷത്തെ ചിന്താവിഷയം "ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം: സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു..." (ലൂക്കാ 1:49) എന്നതായിരിക്കും. ഈ ദിനാചരണം എന്റെ മുൻഗാമി വിശുദ്ധ ജോൺ പോൾ 2-ാമൻ 1992-ൽ സ്ഥാപിച്ചതും 1993 ഫെബ്രുവരി 11-ന് ആദ്യമായി ലൂർദിൽ ആരംഭിച്ചതുമാണ്. വേദനിക്കുന്നവരായ എല്ലാവരെയും വിശിഷ്യ രോഗികളുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള പ്രത്യേക ഒരവസരമാണിത്. രോഗികളെ ഉദാരതയോടെ സഹായിക്കുന്ന കുടുംബാംഗങ്ങൾ ആരോഗ്യമേഖലയിൽ ജോലിചെയ്യുന്നവർ സന്നദ്ധസേവകർ എന്നിവർക്ക് ദൈവത്തോടു നന്ദി പറയാനുള്ള ഒരവസരം കൂടിയാണിത്. കാരണം രോഗികളായ സഹോദരീസഹോദരന്മാരുടെ കൂടെയായിരിക്കാൻ അവരെ ദൈവം വിളിച്ചല്ലോ. ദരിദ്രരെയും രോഗികളെയും വേദനിക്കുന്നവരെയും സമുദായഭ്രഷ്ടരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സഹായിക്കുകയെന്നത് സഭയുടെ മൗലികദൗത്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ആചരണം സഭയ്ക്ക് തന്റെ മൗലിക ദൗത്യം കൂടുതൽ പൂർണമായി വഹിക്കാനുള്ള നവീകൃതമായ ആത്മീയ ഊർജം നല്കുന്ന ഒരു സന്ദർഭം കൂടുയാണിത് (cf. John Paul II, Motu Proprio Dolentium Hominum 2 Feb. 1985, 1). ഈ ദിവസങ്ങളിൽ ലൂർദിൽ നടത്തുന്ന പ്രാർത്ഥന കുർബാനയാചരണം രോഗീലേപനം രോഗികളുമായുള്ള പങ്കുവയ്ക്കൽ, ജീവ-ധർമ്മശാസ്ത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ശില്പശാലകൾ എന്നിവ ഈ സേവനരംഗത്ത് തീർച്ചയായും നവീനവും ശ്രദ്ധേയവുമായ സംഭാവനകൾ കാഴ്ചവയ്ക്കും.

ഞാൻ ഇപ്പോഴും മസാബില്ലേയിലെ ഗ്രോട്ടോയിൽ, അമലോത്ഭവമാതാവിന്റെ രൂപത്തിന്റെ മുമ്പിൽ, ആത്മീയമായി സന്നിഹിതനാണ്. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി സർവശക്തൻ വലിയ കാര്യങ്ങൾ ആ മാതാവിലാണല്ലോ പ്രവർത്തിച്ചത്.

വേദനയനുഭവിക്കുന്ന സഹോദരീസഹോദരന്മാരേ, നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടുമുള്ള എന്റെ ആത്മബന്ധം ഞാൻ പ്രകാശിപ്പിക്കുന്നു. വിവിധ സേവനരംഗങ്ങളിലും, ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങളിലും ലോകത്ത് എവിടെയും പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. വൈദഗ്ധ്യത്തോടും ഉത്തരവാദിത്വബോധത്തോടും കൂടിയുള്ള സമർപ്പിത ശുശ്രൂഷയും ചികിത്സയും ചെയ്യുന്ന, അനുദിനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിന് ഓരോ മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ സുനിശ്ചിതമായ അടയാളവും ദൈവേഷ്ടത്തിനു കീഴ്വഴങ്ങുന്നതിന്റെ മാതൃകയും "രോഗികളുടെ ആരോഗ്യവും" ആയ മറിയത്തിൽ കണ്ടെത്തുവാൻ രോഗികളും പീഡസഹിക്കുന്നവരും, ചികിത്സകരും, നേഴ്സുമാരും കുടുംബാംഗങ്ങളും സന്നദ്ധസേവകരുമായ നിങ്ങളെയെല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യവചനംകൊണ്ടും കൂദാശകൾകൊണ്ടും പോഷിപ്പിക്കപ്പെട്ട്, വിശ്വാസത്തിൽ, രോഗാവസ്ഥയിലും ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി നിങ്ങൾ നേടാൻ ഇടയാകട്ടെ.

വിശുദ്ധ ബർണദീത്തയെപ്പോലെ നമ്മൾ പരിശുദ്ധ മറിയത്തിന്റെ സൂക്ഷ്മമായ നോട്ടത്തിൻ കീഴിൽ നില്ക്കുന്നു. താൻ സ്നേഹപൂർണയായ നാഥ എന്നു വിളിക്കുന്ന പരിശുദ്ധ കന്യകാമറിയം ഒരാൾ മറ്റൊരാളെ നോക്കുന്നതുപോലെ തന്റെ നേരേ നോക്കിയെന്ന് ലൂർദിലെ വിനീത കന്യകയായ ബർണദീത്ത പറയുന്നു. ലളിതമായ ആ വാക്കുകൾ ഒരു ബന്ധത്തിന്റെ പൂർണതയെ വിവരിക്കുന്നുണ്ട്. മറിയം ഒരു വ്യക്തിയെന്ന നിലയിൽ തന്റെ നേരേ നോക്കുകയായിരുന്നുവെന്ന് ദരിദ്രയും അക്ഷരജ്ഞാനമില്ലാത്തവളും രോഗിണിയുമായ ബർണദീത്തായ്ക്കു തോന്നി. സ്നേഹപൂർണയായ കന്യകാമറിയം അവളോട് വലിയ ബഹുമാനത്തോടും ഗൗരവം വെടിഞ്ഞ് ദാക്ഷിണ്യത്തോടെയും സംസാരിച്ചു. ഇത് ഒരു വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിയും എപ്പോഴും ഒരു മനുഷ്യനാണ്. അങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് അതനുസരിച്ച് നാം ഓരോ വ്യക്തിയോടും പെരുമാറണം എന്നതാണ് ആ വസ്തുത. രോഗികൾക്കും അംഗപരിമിതർക്കും അവരുടെ ജീവിതത്തിൽ അന്യവത്കരിക്കാനാവാത്ത അതിയായ മഹത്ത്വവും ദൗത്യവുമുണ്ട്. അവർ ഒരിക്കലും നിസ്സാര വസ്തുക്കളായിത്തീരുന്നില്ല. ചിലപ്പോൾ അവർ നിഷ്ക്രിയരായി കാണപ്പെടാമെങ്കിലും യഥാർത്ഥത്തിൽ നിഷ്ക്രിയരല്ല.

ബർണദീത്ത, ഗ്രോട്ടോ സന്ദർശിച്ചതിനുശേഷം, അവളുടെ പ്രാർത്ഥനയുടെ സഹായത്താൽ, തന്റെ ദൗർബല്യത്തെ മറ്റുള്ളവർക്കു സഹായകരമാക്കി മാറ്റി. തന്റെ അയൽക്കാരെ ശക്തിപ്പെടുത്താൻ സ്നേഹംമൂലം അവൾക്കു കഴിഞ്ഞു. സർവോപരി, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാനും സാധിച്ചു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്നേഹപൂർണയായ കന്യകാമറിയം അവളോട് ആവശ്യപ്പെട്ടു. ഈ യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. അതായത്, രോഗികളും സഹിക്കുന്നവരും സൗഖ്യം ലഭിക്കാൻ മാത്രമല്ല അവർ യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാനും, ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതശിഷ്യ



ന്മാരെപ്പോലെ ജീവിതം സമർപ്പിക്കാൻപോലും, ആഗ്രഹിക്കുന്നുണ്ട്. കന്യകാമറിയം ബർണദീത്തായ്ക്ക് രോഗികളെ ശുശ്രൂഷിക്കാനുള്ള വിളി നല്കി. പരസ്നേഹത്തിന്റെ സഹോദരിയാകാൻ അവളെ വിളിച്ചു. ആ ദൗത്യം അവർ ഏറെ മാതൃകാപരമായ രീതിയിൽ നിർവഹിച്ചു. ആരോഗ്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം അത് മാതൃകയായിത്തീർന്നു. തീർച്ചയായും സഹായം ആവശ്യമുള്ള വ്യക്തികളായി രോഗികളെ കണ്ട് അവരോട് എപ്പോഴും ബന്ധപ്പെടാനുള്ള അനുഗ്രഹത്തിനായി അമലോത്ഭവമറിയത്തോട് നമുക്കു പ്രാർത്ഥിക്കാം. രോഗികൾക്ക് ചിലപ്പോൾ ചെറിയ സഹായങ്ങളായിരിക്കും ആവശ്യമുള്ളത് എന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തമായ ഒരു ദാനം അവർക്കുണ്ട്.

പീഡിതരോടും ദരിദ്രരോടുമുള്ള സഭയുടെ അനുദിനസമർപ്പണത്തിൽ "പീഡിതരുടെ ആശ്വാസ"മായ മറിയത്തിന്റെ നോട്ടം സഭയുടെ മുഖത്തെ പ്രകാശിപ്പിക്കുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും ലോകത്തോടുള്ള ഈ താത്പര്യത്തിന്റെ അമൂല്യഫലങ്ങൾ കർത്താവായ യേശുവിനോട് നന്ദിപറയാനുള്ള ഒരു കാരണമാണ്. അവിടുന്ന് പിതാവിന്റെ ഇഷ്ടമനുസരിച്ച് നമ്മിൽ ഒരാളായിത്തീർന്നു. മനുഷ്യവംശത്തെ വീണ്ടെടുക്കാൻവേണ്ടി കുരിശുമരണം സഹിക്കുക കൂടി ചെയ്തു. മറിയത്തിൽ നിന്നു ജനിച്ച ദൈവപുത്രനായ ക്രിസ്തു പ്രദർശിപ്പിച്ച ഐക്യദാർഢ്യം ദൈവത്തിന്റെ കരുണാപൂർണമായ സർവശക്തിയുടെ ഒരു പ്രകാശനമാണ്. അതാകട്ടെ നമ്മുടെ ജീവിതത്തിൽത്തന്നെ - സർവോപരി ജീവിതം ദുർബലവും വേദനാപൂർണവും അപമാനിതവും പാർശ്വവത്കൃതവും സഹനപൂർണവുമായിത്തീരുമ്പോൾ - വെളിവാക്കപ്പെട്ടിട്ടുണ്ട്. നമ്മെ പിടിച്ചുനിറുത്താനും വീണ്ടും എഴുന്നേല്ക്കാനും സഹായിക്കുന്ന പ്രത്യാശയുടെ ശക്തികൊണ്ട് അതു ജീവിതം നിറയ്ക്കുകയും ചെയ്യുന്നു.

മനുഷ്യത്വത്തിന്റെ മഹാസമ്പത്തും വിശ്വാസവും ദുർവ്യയം ചെയ്തുകളയരുത്. മറിച്ച്, മാനുഷിക ദൗർബല്യത്തെക്കുറിച്ച് തുറന്നു പറയാനും ഇന്നത്തെ ആരോഗ്യസംരക്ഷണത്തിന്റെയും സാങ്കേതി

കവിദ്യയുടെയും വെല്ലുവിളികളെ നേരിടാനും അത് നമ്മെ പ്രചോദിപ്പിക്കണം. ഈ ആഗോളരോഗീദിനാചരണ ദിവസം ജീവനോടും ആരോഗ്യത്തോടും പരിസ്ഥിതിയോടും ബഹുമാനം കാണിക്കുന്ന ഒരു സംസ്കാരത്തിനുവേണ്ടി അധ്വാനിക്കാൻ പുതിയ പ്രചോദനം നമുക്കു കണ്ടെത്താം. വ്യക്തികളുടെ സമഗ്രതയും മഹത്ത്വവും സംരക്ഷിക്കുന്നതിന് നവീന പരിശ്രമങ്ങൾ ചെയ്യാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കട്ടെ. ജീവ-ധർമ്മശാസ്ത്രപരമായ പ്രശ്നങ്ങളോടും ദുർബലർക്കുള്ള സംരക്ഷണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ശരിയായ സമീപനം പുലർത്താൻ അതു ഉത്തേജനം നല്കട്ടെ.

ഈ ഇരുപത്തഞ്ചാം ആഗോളരോഗീദിനാചരണദിവസം ചികിത്സകർക്കും നേഴ്സുമാർക്കും സന്നദ്ധസേവകർക്കും രോഗികളെയും ദരിദ്രരെയും സേവിക്കാൻ സ്വയം സമർപ്പിച്ച സന്ന്യാസിനീസന്ന്യാസികൾക്കും ഒരിക്കൽകൂടി എന്റെ പ്രാർത്ഥനാപൂർവകമായ പിന്തുണയും പ്രോത്സാഹനവും ഞാൻ നല്കുന്നു. ഈ ലക്ഷ്യത്തിനായി അധ്വാനിക്കുന്ന സഭാസ്ഥാപനങ്ങളെയും സിവിൽ സ്ഥാപനങ്ങളെയും രോഗികളെയും സ്നേഹപൂർവം പരിചരിക്കുന്ന കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവം ആശ്ലേഷിക്കുന്നു. അവയെല്ലാം ദൈവസ്നേഹത്തിനുള്ള സാന്നിധ്യത്തിന്റെ സന്തോഷപൂർണമായ അടയാളങ്ങളായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ആശുപത്രികളുടെയും ആരോഗ്യപാലകരുടെയും രക്ഷാധികാരികളായ വിശുദ്ധ ജോൺ ഓഫ് ഗോഡ്, വിശുദ്ധ കമില്ലൂസ് ഡി ലെല്ലീസ് ദൈവസ്നേഹത്തിന്റെ പ്രേഷിതയായ കൽക്കട്ടയിലെ മദർ തെരേസ എന്നിവർ ഉൾപ്പെടുന്ന ദൈവത്തിന്റെ അനേക സുഹൃത്തുക്കൾ നല്കിയ പ്രഭാപൂരിതമായ സാക്ഷ്യത്തെ അവർ അനുകരിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളേ, ആരോഗ്യപാലകരേ, സന്നദ്ധസേവകരേ, നിങ്ങൾ എന്നോടൊപ്പം കന്യകാമറിയത്തോടു പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമ്മുടെ വിശ്വാസത്തോടൊപ്പമുണ്ടായിരിക്കുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യട്ടെ. സുഖപ്പെടുത്ത



ലിന്റെയും ആരോഗ്യപാലനത്തിന്റെയും യാത്രയിൽ അവൾ തന്റെ പുത്രനായ ക്രിസ്തുവിൽ നിന്ന് പ്രത്യാശ നേടിത്തരട്ടെ. സാഹോദര്യത്തെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച ബോധവും സമഗ്രമാനുഷിക വികസനത്തെക്കുറിച്ചുള്ള സമർപ്പണബോധവും ദൈവം തന്റെ വിശ്വസ്തതയും കാരുണ്യവും വഴി നമ്മെ വിസ്മയിപ്പിക്കുന്നിടത്തെല്ലാം കൃതജ്ഞത തോന്നുന്നതിന്റെ സന്തോഷവും സംലബ്ധമാക്കട്ടെ.

ഞങ്ങളുടെ അമ്മയായ മറിയമേ, ഞങ്ങളിൽ ഓരോരുത്തരെയും പുത്രനോ പുത്രിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യണമേ. ആത്മവിശ്വസത്തോടെയുള്ള ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതീക്ഷകളെ നിലനിറുത്തണമെ. ഞങ്ങളുടെ രോഗങ്ങളിലും സഹനങ്ങളിലും ഞങ്ങളെ സഹായിക്കണമേ. നിന്റെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ക്രിസ്തുവിലേക്കു ഞങ്ങളെ നയിക്കണമേ. മഹാകാര്യങ്ങൾ ചെയ്യുന്ന പിതാവിന് സ്വയം സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ.

എന്റെ പ്രാർത്ഥനയിൽ സ്ഥിരം ഓർമ്മിച്ചുകൊള്ളാമെന്ന് ഉറപ്പുനല്കിക്കൊണ്ട്, ഹൃദയപൂർവം നിങ്ങൾക്ക് എല്ലാവർക്കും ഞാൻ അപ്പസ്തോലികാശീർവാദം തരുന്നു.

8 ഡിസംബർ 2016, അമലോത്ഭവത്തിരുന്നാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**



C. 7. സർക്കുലർ

## 2017 ഫെബ്രുവരി 12

# തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽസ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരെ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരു ബാലസഖ്യകൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുക കൂടി ചെയ്യട്ടെ.

നാലാം പ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്നതനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താ ശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2,11: അവർ ഭവനത്തിൽപ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു.



മത്താ. 2,21: അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രയേൽ ദേശത്തേക്കു പുറപ്പെട്ടു.

ലോകരക്ഷകൻ ഇല്ലായ്മയുടെയുംഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടുഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചനഭാഗങ്ങൾ നല്കുന്ന ചില പ്രകാശകിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലി സങ്കേതമാണെന്നും ഒരു സത്രമൊ, സ്വന്തം ഭവനമൊ അല്ലാ എന്നും തിരുവചനം സൂചന നല്കുന്നു. സമ്പത്തിന്റെയോ സ്ഥലമഹിമയുടെയൊ പാരമ്പര്യത്തിന്റെയൊ പ്രഭാവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽതെരുവിന്റെ തീരങ്ങൾ വരെ സ്നേഹഭവനമാവുകയും മണി മാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിടകൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നുവരുവാൻ സാധിക്കുംവിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വളർന്നു വരുന്ന പൈതങ്ങളും കുട്ടികളും ജ്ഞാനികളുടെയും ദൈവവീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽയോഗ്യതയുള്ളവരാക്കുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നു വരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പത്തികഭദ്രതയ്ക്കും സോഷ്യൽ സ്റ്റാറ്റസിനുംവേണ്ടി അകന്നു താമസിക്കുന്നവരുമുണ്ട്. പക്വതയോടെ

മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെയെന്നാണ് പ്രാർത്ഥന.

ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെവരെയും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതല ത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലതല്ലാത്ത രീതിയിൽതന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യ തലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കു പകരം നിന്നാൽ ശിഥിലമാവുക കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീല ങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽ പോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരി ച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽ ഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢി യുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ട താണ്. അതോടൊപ്പം എളിമയുടെയും വിനയത്തിന്റെയും നാൾവഴികളിൽഒരു ശിശുവിനെതേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി



ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തനരീതികൾ വികലമായഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടി കളെയും കുടുംബത്തെ തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകനയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയു ന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യ പ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നല്കുകയും ചെയ്യും.

4. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പോയി: കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. കൂദാശവചനങ്ങൾ പറയുന്നപോലെയും അമോറിസ് ലെത്തീസ്യയിലൂടെ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെയും ദൈനംദിന ജീവിത ത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷ ത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തു നിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തിലേയ്ക്കാ യാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തു സൂക്ഷിക്കേണ്ട ചില മേഖല കൾ ധ്യാനപുരസ്സരം സൂചിപ്പിച്ചെന്നേ ഉള്ളൂ. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തി ലേക്കും സാന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേ ണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടു കൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീ ശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യ

ങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2017 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.





# രൂപതക്കച്ചേരി

## C. 9/17 വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

ഫെബ്രുവരി 26-ാം തീയതി പാതിരാ മുതൽ വലിയനോമ്പ് ആരംഭിക്കുകയാണല്ലോ. വിഭൂതി തിങ്കളാഴ്ച മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷമുടക്കാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. തീർത്തും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്തുവാൻ പാടുള്ളു. അത് അനാർഭാടമായി നടത്തേണ്ടതുമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുവാനുള്ള അപേക്ഷകൾ ശുപാർശ ചെയ്യുമ്പോൾ ബഹു. വികാരിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 10/17 തിരുബാലസഖ്യദിനം

ഫെബ്രുവരി 12 ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കേണ്ടതാണ്. അന്നേ ദിവസം കൊച്ചുകുട്ടികൾക്കായി പ്രത്യേക പരിപാടികൾ നടത്തുകയും, നിർദ്ധനരായ കുട്ടികളെ സഹായിക്കുവാൻ പ്രത്യേക പിരിവ് നടത്തുകയും അങ്ങനെ ലഭിക്കുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപിക്കുകയും ചെയ്യണം.

*Bishop*

## C. 11/17 ഇടുക്കി രൂപതയുടെ സ്ഥാപനദിനവും അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേക വാർഷികവും

ഇടുക്കി രൂപതയുടെ സ്ഥാപനദിനവും, അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേകദിനവും മാർച്ച് 2-ാം തീയതിയാണല്ലോ. രൂപതയുടെ സർവ്വോന്മുഖമായ വളർച്ചയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ 14 വർഷക്കാലം ദൈവം നമുക്കു തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ബ. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ. രൂപതയ്ക്കും, രൂപതയെ നയി

ച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ പിതാവിനും വേണ്ടി അന്നേ ദിവസം വി. കുർബാനയിൽ ദൈവത്തിന് കൃതജ്ഞതയർപ്പിച്ച് പ്രാർത്ഥിക്കാം.

*Proto-syncellus*

## C. 12/17 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: യുകാറ്റ് (YOUCAT) നമ്പർ 23 മുതൽ 25 ഉൾപ്പെടെ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 13/17 Appointment of New Priests - 2017

| | |
|---|---|
| Akkoottu Joseph | - Rajakkad |
| Erattachirayil Abraham | - Murickumthotty |
| Kaitholil George | - Pottenkadu |
| Karimthakarackal Antony | - Venmony |
| Kochithara George | - Thokkupara |
| Kochozhathil Joseph | - Vazhavara |
| Kuzhippallil Francis | - Vimalagiri |
| Mathalikunnel Joseph | - Nedumkandom |
| Meckal Mathew | - Upputhodu |
| Njavarakattu Mathew | - Vazhathope |
| Thakarappillil Mathew | - Chempakappara |
| Vadakkeeanthottathil Thomas | - Ellakal |
| Vazhayil Thomas | - Parathodu |
| Vettickal Joseph | - Sahayagiri |
| Vettukallel Joseph | - Nellippara |

### Other Appointments

| | |
|---|---|
| Kuzhiyanplavil Joseph Thomas | - Chemmannar (Asst. Vicar) |
| Thengumthottathil Joseph | - Kailasam (Vicar) |
| Palakudiyil Joseph | - Irumpupalam (Vicar) |
| Kalapurackal Jose | - Relieved |
| Vadakara Joseph | - Relieved |



# ക്രിസ്തുജ്യോതി

## CJ. 5/17 ലോഗോസ് ക്വിസ് സമ്മാനങ്ങൾ

ലോഗോസ് ക്വിസ് 2016 ന്റെ ഇടവകയിലേക്കുള്ള സമ്മാനങ്ങൾ ഫെബ്രുവരി 28 ന് മുമ്പായി എല്ലാ ഇടവകയും വാങ്ങുമല്ലോ.

## CJ. 6/17 വാർഷിക പരീക്ഷയും സുവിശേഷോത്സവവും

X-ാം ക്ലാസ് ഒഴികെയുള്ള കുട്ടികളുടെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 8 ന് ശനിയാഴ്ചയാണ് നടക്കുക. 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തിലെ മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ബാക്കി ക്ലാസുകളിലെ കുട്ടികൾക്ക് 3-ാം ടേം-ൽ പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തുനിന്ന് മാത്രമെ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ. X-ാം ക്ലാസിന്റെ പരീക്ഷ മാത്രം ഏപ്രിൽ 10 (തിങ്കൾ) 2.00 pm - നാണ് നടത്തേണ്ടത്. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന X-ാം ക്ലാസിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് എഴുതുന്ന സെന്ററിൽ തന്നെ 2.00 pm-ന് വാർഷിക പരീക്ഷ എഴുതാവുന്നതാണ്.

CBSC X, XII ക്ലാസുകൾക്ക് സുവിശോഷത്സവ സമയത്ത് ബോർഡ് പരീക്ഷ ഉള്ളതിനാൽ CBSC സ്റ്റുഡന്റ്സ് ഉള്ള പള്ളികളിൽ St. Thomas വിഭാഗത്തിന്റെ സുവിശേഷോത്സവം മാത്രം ഈസ്റ്ററിനു ശേഷമാണ് നടത്തേണ്ടത്.

## CJ. 7/17 സ്കോളർഷിപ് പരീക്ഷ

നമ്മുടെ ഇടവകയിലെ 10 ഫൊറോന കേന്ദ്രങ്ങളിലും കൂടാതെ മുരിക്കാശ്ശേരി, തോപ്രാംകുടി, മാങ്കുളം, എന്നീ കേന്ദ്രങ്ങളും സ്കോളർഷിപ്പ് പരീക്ഷ കേന്ദ്രങ്ങളായിരിക്കും. സ്കോളർഷിപ്പു പരീക്ഷയുടെ ചോദ്യങ്ങളുടെ വിഭജനരീതി:- പാഠപുസ്തകം 65% ചോദ്യങ്ങൾ, പൊതുവിജ്ഞാനം 35% ചോദ്യങ്ങൾ.

4 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പൊതുവിജ്ഞാന ചോദ്യങ്ങൾ മാർഗദീപം Vol 2 പുസ്തകത്തിൽ നിന്നും ആദ്യ

ത്തെ 11 അദ്ധ്യായങ്ങളും, കൂദാശകൾ എന്ന 13-ാം അദ്ധ്യായവും ഉണ്ടായിരിക്കും. 8, 9, 10-ാം ക്ലാസുകളിലെ കുട്ടികൾക്ക് മാർഗദീപം Vol 2 മുഴുവൻ അദ്ധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. കൂടാതെ സഭയുമായി ബന്ധപ്പെട്ട ആനുകാലിക കാര്യങ്ങളെപ്പറ്റിയും ചോദ്യങ്ങൾ ഉണ്ടായിരിക്കും. സ്കോളർഷിപ്പു പരീക്ഷ ഏപ്രിൽ 10-ാം തീയതിയായിരിക്കും നടക്കുക.

## CJ. 8/17 മതാദ്ധ്യാപകർക്കുള്ള അവാർഡ്

മതാദ്ധ്യാപകർക്ക് അവാർഡിനായുള്ള പേരു വിവരങ്ങളും ഫോട്ടോയും രൂപതാ കേന്ദ്രത്തിലേക്ക് അയക്കാവുന്നതാണ്. 10, 20, 25, 30, 35, 40, 45 വർഷം സേവനം പൂർത്തിയാക്കിയവർക്കാണ് അവാർഡ് നൽകുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യപത്രവും ഫോട്ടോയും ആണ് നൽകേണ്ടത്.

## CJ. 9/17 സ്റ്റഡിഫോറം

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും ഫെബ്രുവരി 12 ന് ആണ് നടത്തേണ്ടത്

## CJ. 10/17 ട്രോഫികൾ

2015-2016 അദ്ധ്യയന വർഷത്തിൽ സമ്മാനമായി ലഭിച്ച ട്രോഫികൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുമല്ലോ.

## CJ. 11/17 സുവിശേഷോത്സവം 2017

നിശ്ചിത ദിവസങ്ങളിൽ നടക്കുന്ന സുവിശേഷോത്സവത്തിൽ എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**മതാദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസുകൾ നടക്കുന്ന സ്ഥലവും തിയതിയും:-**

| | |
|---|---|
| ഫെബ്രുവരി 25 | - അടിമാലി ആത്മജ്യോതി |
| മാർച്ച് 4 | - രാജാക്കാട് |
| മാർച്ച് 11 | - നെടുംകണ്ടം |
| മാർച്ച് 18 | - വെള്ളയാംകുടി |
| മാർച്ച് 25 | - വാഴത്തോപ്പ് |



എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും സുവിശേഷോത്സവ് പരിശീലന ക്ലാസുകളിൽ പങ്കെടുക്കേണ്ടതാണ്. പരിശീലന ക്ലാസുകളിൽ പങ്കെടുത്ത മതാദ്ധ്യാപകർക്കു മാത്രമെ കുട്ടികൾക്ക് സുവിശേഷോത്സവ് ക്ലാസുകൾ എടുക്കുവാൻ അനുവാദമുള്ളു.

## CJ. 12/17 മതാദ്ധ്യാപകരുടെ ക്വിസ് മത്സരം

മതാദ്ധ്യാപർക്കുള്ള ക്വിസ് മത്സരം മാർച്ച് 26 ന് ആണ് നടത്തുക.

## CJ. 13/17 YES (Yield Everything in Spirit)

**ഇന്നു ഞാൻ നിന്നെ ഇസ്രായേൽ ജനത്തിന്റെ മുൻപാകെ ഉന്നതനാക്കാൻ പോകുന്നു. (ജോഷ്വ 3:7)**

ആധുനിക കാലഘട്ടത്തിൽ ഈശോയുടെ സുവിശേഷം പ്രസംഗിക്കുന്നതിൽ അത്മായർക്കുള്ള പങ്കിനേപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. അതിനായി അവർ പരിശീലിപ്പിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അത്മായ പ്രേഷിതത്വത്തേക്കുറിച്ചുള്ള ഡിക്രിയുടെ ആറാം അദ്ധ്യായം വിവരിക്കുന്നു. നമ്മുടെ രൂപതക്കും, സഭക്കും ശക്തമായ ഒരു അത്മായ പ്രേഷിതനിര ഉണ്ട് എന്നത് ഏറെ അഭിമാനിക്കാവുന്ന ഒന്നാണ്. അവരിലൂടെ സഭയ്ക്കു ലഭിക്കുന്ന സേവനം വിലമതിക്കാനാവാത്തതുമാണ്.

ഈ ആധുനിക കാലഘട്ടത്തിൽ ഈശോയുടെ സുവിശേഷം പ്രസംഗിക്കുന്നതിനും സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ശക്തമായ ഒരു അത്മായ നേതൃനിര വളർന്നുവരേണ്ടത് പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. അതിനാൽ വരുംകാലത്ത് സഭയുടെയും സമൂഹത്തിന്റെയും നന്മയെ മുന്നിൽകണ്ട് മൂല്യബോധവും കർമ്മകുശലതയും നേതൃപാടവവുമുള്ള ഒരു നേതൃനിരയെ വാർത്തെടുക്കുവാനുള്ള കർമ്മപരിപാടികൾ രൂപതാ ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ് വിവിധ സംഘടനകളോടൊന്നിച്ച് YES (ആത്മാവിൽ എല്ലാം ആർജ്ജിക്കുക) എന്ന പേരിൽ നടത്തുകയാണ്.

ആറുവർഷം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടികളാണ് ഈ നേതൃത്വപരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനായി നമ്മൾ പ്രത്യേകം തിരഞ്ഞെടുക്കുന്നത് 7-ാം ക്ലാസ് വിദ്യാർത്ഥികളെയാണ്. അവരുടെ ആത്മീയ, ബൗദ്ധികരൂപീകരണ മാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഈ പരിശീലന പദ്ധതിയി ലേയ്ക്ക് കുട്ടികളെ പ്രത്യേകമായി തിരഞ്ഞെടുക്കേണ്ടതുണ്ട്. അതി നായി ഇടുക്കി രൂപതയിലേ എല്ലാ ഇടവകകളിലും 7-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഒരു സെലക്ഷൻ ടെസ്റ്റ് **2017 ഫെബ്രുവരി 9-ാം തീയതി** ഞായറാഴ്ച വേദപാഠക്ലാസ് സമയത്ത് നടത്തുകയാണ്. അച്ചന്റെ ഇടവകയിലും അന്നേദിവസം ഈ പ്രവേശനപരീക്ഷ നട ത്തുകയും അതിനാവശ്യമായ ചോദ്യപേപ്പറുകൾ പരീക്ഷയ്ക്കു മുമ്പായി 17, 18 തിയതികളിൽ **ഫൊറോനാ** കേന്ദ്രങ്ങളിൽനിന്നും എടു ക്കുകയും ചെയ്യുമല്ലോ. ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം രൂപതാ തലത്തിലായിരിക്കും നടത്തുക. അതിനാൽ ഉത്തരക്കടലാസു കൾ 21-02-17 ന് മുമ്പായി ഫൊറോന കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

വളരെ ഗൗരവമേറിയതും സഭയുടെ നന്മയെ സ്നേഹപൂർവം നിലനിർത്തുന്നതുമായ ഈ നേതൃത്വപരിശീലന പരിപാടിക്ക് എല്ലാവരുടെയും പ്രാർത്ഥനയും പിൻതുണയും പ്രതീക്ഷിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ വടക്കേൽ,** ഡയറക്ടർ ക്രിസ്തുജ്യോതി
**ഫാ. മാത്യു അരയത്തിനാൽ,** ഡയറക്ടർ സി.എം.എൽ.
**ഫാ. കുര്യാക്കോസ് കൊല്ലപ്പള്ളി,** പ്രോഗ്രാം കോ-ഓർഡിനേറ്റർ

## CORPORATE EDUCATIONAL AGENCY

### Edn. 8/17 അദ്ധ്യാപക അനദ്ധ്യാപക സംഗമം

വിദ്യാഭ്യാസ ഏജൻസിയിലെ അദ്ധ്യാപക അനദ്ധ്യാപക സംഗമം - സ്നേഹസംഗമം രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാളിൽ വച്ച് 2017 ഫെബ്രുവരി 11-ന് ശനിയാഴ്ച നടത്തുന്നു. രാവിലെ 9.45-ന് ആരംഭിക്കുന്ന സമ്മേളനത്തിൽ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ,



സുപ്രീംകോടതി ജഡ്ജി ശ്രീ. കുര്യൻ ജോസഫ്, ശ്രീ. ജോയ്സ് ജോർജ് എം.പി., ശ്രീ. റോഷി അഗസ്റ്റ്യൻ എം.എൽ.എ., മോൺ. ജെയിംസ് മംഗലശ്ശേരി എന്നിവരുടെ മഹനീയ സാന്നിദ്ധ്യം ഉണ്ടായി രിക്കുന്നതാണ്. സമ്മേളനത്തിൽ വച്ച് അദ്ധ്യാപക അവാർഡുകളും ജീവകാരുണ്യ സ്കോളർഷിപ്പുകളും നൽകപ്പെടുന്നതാണ്. കൃത്യ സമയത്തുതന്നെ എല്ലാ അദ്ധ്യാപക അനദ്ധ്യാപകരും എത്തിച്ചേർന്ന് ഈ സമ്മേളനത്തെ വിജയിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### Edn. 9/17 സ്കോളർഷിപ്പു പരീക്ഷകൾ

ഈ വർഷത്തെ രൂപതാതല സ്കോളർഷിപ്പു പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ നടത്തുന്നതാണ്.

| | | |
|---|---|---|
| വേദപാഠം-സന്മാർഗ്ഗശാസ്ത്രം | - | 04-02-2017, 10-12 am. |
| അക്കാഡമിക് കൗൺസിൽ | - | 14-02-2017, 10-12 am. |

പ്രാഥമിക പരീക്ഷകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികളേയും ഈ പരീക്ഷയിൽ പങ്കെടുപ്പിക്കുവാൻ പ്രഥമാദ്ധ്യാ പകർ ശ്രദ്ധിക്കുമല്ലോ.

### Edn. 10/17 അഭിനന്ദനങ്ങൾ

KCSL സംസ്ഥാന കലാമത്സരത്തിൽ രണ്ടാം സ്ഥാനവും സാഹിത്യമത്സരത്തിൽ ഒന്നാം സ്ഥാനവും യു.പി., ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ ഓവറോളും കരസ്ഥമാക്കിയ KCSL ഇടുക്കി രൂപതാ കുടുംബത്തിന് ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

ഹൈസ്കൂൾ തലത്തിൽ Best School ആയി തിരഞ്ഞെടു ക്കപ്പെട്ട ഇരട്ടയാർ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിന് പ്രത്യേക അഭിനന്ദനങ്ങൾ.

### Edn. 11/17 ട്രോഫികൾ തിരിച്ചേൽപ്പിക്കുക

കഴിഞ്ഞ വർഷം വിവിധ അവാർഡുകളായി സ്കൂളുകൾക്കു ലഭിച്ച റോളിങ്ങ് ട്രോഫികൾ ഫെബ്രുവരി 10-ന് മുമ്പ് രൂപതാ ഓഫീസിൽ തിരിച്ചേൽപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

# സോഷ്യൽ സർവ്വീസ്

## SS 14/17 ഊർജ്ജ സംരക്ഷണ ബോധവൽക്കരണം (ഊർജ്ജകിരൺ പദ്ധതി2016-2017)

ഊർജ്ജകിരൺ പദ്ധതിയുടെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ കേരളയും സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡെവലെപ്മെന്റിന്റെയും സാങ്കേതിക സാമ്പത്തിക സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാമ്പാടുംപാറ പഞ്ചായത്തിലും, ബൈസൺവാലി പഞ്ചായത്തിലും സെമിനാർ നടത്തി.

പാമ്പാടുംപാറ പഞ്ചായത്തിൽ മുണ്ടിയെരുമ കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന യോഗത്തിൽ വാർഡ് മെമ്പർ ഷാജിമോൻ ഐപ്പ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസുകുട്ടി വർക്കി ഉദ്ഘാടനം ചെയ്തു.

ബൈസൺവാലി പഞ്ചായത്തിൽ പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് പാരീഷ്ഹാളിൽ നടന്ന യോഗത്തിൽ വാർഡ് മെമ്പർ മേഴ്സി തോമസ് അദ്ധ്യക്ഷത വഹിച്ചു. ബൈസൺവാലി പഞ്ചായത്ത് പ്രസിഡന്റ് മഞ്ജു ജിൻസ് ഉദ്ഘാടനം ചെയ്യുകയും പൊട്ടൻകാട് പള്ളി വികാരി ഫാ. മാത്യു തറമുട്ടം മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

സെമിനാറുകളിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ എബിൻ കുറുന്താനം തുടങ്ങിയവർ പങ്കെടുത്തു. ഇടുക്കി എനർജി കൺസർവേഷൻ സൊസൈറ്റി സെക്രട്ടറി ശശി ബി. മറ്റം സെമിനാർ നയിച്ചു.

## SS 15/17 ദുരിതാശ്വാസ നിധി

സൊസൈറ്റിയിൽനിന്നും ഡിസംബർ മാസം ചികിത്സക്കും മറ്റ് ആവശ്യങ്ങൾക്കുമായി 13500 രൂപയുടെ സഹായം നൽകി.



## SS 16/17 ഒത്തൊരുമയുടെ കൊയ്ത്തുത്സവം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ സഹകരണത്തോടെ നടത്തിയ നെൽകൃഷിയുടെ വിളവെടുപ്പ് ഉത്സവപ്രതീതിയായി. സൊസൈറ്റി നടപ്പിലാക്കിവരുന്ന ആശാകിരണം ക്യാൻസർ ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായാണ് നെൽകൃഷി നടത്തിയത്. വിഷമില്ലാത്ത ഭക്ഷണത്തിലൂടെ ക്യാൻസർ പോലുള്ള രോഗങ്ങളെ അകറ്റാനാകുമെന്ന് പുതുതലമുറയെ ബോധ്യപ്പെടുത്താനും കുറഞ്ഞ ചെലവിൽ വിഷരഹിത ഭക്ഷണം പകർന്നു നൽകാനും ലക്ഷ്യമിട്ടാണ് നെൽകൃഷി നടത്തിയത്. കൊയ്ത്തുത്സവത്തിൽ പങ്കെടുത്തവർക്കായി സൊസൈറ്റി പുത്തരി പായസവും ഒരുക്കിയിരുന്നു. മരിയാപുരം പഞ്ചായത്ത് പ്രസിഡന്റ് ഡോളി ജോസ് കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കൃഷി അസിസ്റ്റന്റ് ഓഫീസർ ഷാജിമോൾ, സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ പി.വി. എത്സി, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## SS 17/17 തേനീച്ച വളർത്തൽ പരിശീലനവും തേനീച്ച കോളനി വിതരണവും

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ട്രൈഫെഡ് ബാഗ്ലൂരുമായി സഹകരിച്ച് കഞ്ഞിക്കുഴി, മഴുവടി, പാലപ്ലാവ് തുടങ്ങിയ സ്ഥലങ്ങളിൽ ആദിവാസി കോളനികളിലെ 120 കുടുംബങ്ങൾക്ക് തേനീച്ച വളർത്തലിൽ 3 ദിവസത്തെ പരിശീലനം നൽകി. തുടർന്ന് പരിശീലന പരിപാടികളിൽ പങ്കെടുത്തവർക്ക് സൗജന്യമായി 3 ലക്ഷം രൂപ വിലയുള്ള തേനീച്ച കോളനിയും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു.

പരിപാടികൾക്ക് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോജക്ട് കോർഡിനേറ്റർ മെൽബിൻ മാത്യു, ഉമ്മൻ ചാണ്ടി കോളനി ഊരുമൂപ്പൻ കുന്നുംപുറത്ത്, പട്ടികവർഗ്ഗ അംബേദ്കർ കോളനി കൺവീനർ പി.ആർ.

കണ്ണപ്പൻ, എ.ഡി.വി.പി. കഞ്ഞിക്കുഴി പ്രൊമോട്ടർ മനോഹരൻ, സിജോ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**SS 18/17 ലീഡേഴ്സ് മീറ്റ്**

കരിമ്പൻ സെന്റ് മേരീസ് പാരീഷ്ഹാളിൽ ജനുവരി 4-ാം തീയതി ലീഡേഴ്സ് സംഗമം നടന്നു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം വാഴത്തോപ്പ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആൻസി തോമസ് ഉദ്ഘാടനം ചെയ്തു. നിയമാവലി പരിഷ്ക്കരണം, സംഘം ഓഡിറ്റിംഗ്, സൊസൈറ്റിയിൽ നിന്നുള്ള വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് മീറ്റിംഗിൽ ചർച്ചകൾ നടന്നു. ഗുരുശ്രേഷ്ഠ അവാർഡു നേടിയ ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ മുൻ രൂപതാ പ്രസിഡന്റ് ശ്രീ. എം.റ്റി. തോമസിനെ യോഗം ആദരിച്ചു.

**SS 19/17 ബോർഡ് മീറ്റിംഗ്**

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി, ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനി ഇവയുടെ ബോർഡ് മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെ ക്കുറിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. രണ്ട് കമ്പനികളുടെയും ബോർഡ് മെമ്പേഴ്സ് എല്ലാവരും യോഗത്തിൽ സംബന്ധിക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തു.

**SS 20/17 ജെ.എൽ.ജി. ലോൺ റിന്യൂവൽ**

സൊസൈറ്റിയുടെ സംരംഭമായ ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. ഗ്രൂപ്പുകളിൽ ലോൺ അടവ് പൂർണ്ണമായി നടത്തിയ ഗ്രൂപ്പുകൾക്ക് ജെ.എൽ.ജി. ലോൺ പുതുക്കി നൽകുകയും അവർക്ക് ഏറ്റവും സുഗമമായ രീതിയിൽ ബാങ്കുമായി ബന്ധിപ്പിച്ച് ആവശ്യമായ തുക ലഭ്യമാക്കുകയും ചെയ്തു.



**SS 21/17 റ്റി.ഡി.എഫ്. മറയൂർ (ഹരിത സമൃദ്ധി)**

ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി കൃഷിക്കാവശ്യമായ ജലസേചനത്തിനായി മറയൂർ കൂടയ്ക്കാട്ടുകുടി ഗ്രാമത്തിൽ 10000 ലിറ്റർ ശേഷിയുള്ള അഞ്ച് ടാങ്കുകൾ (നെല്ലിപ്പെട്ടി - 3, കൂടക്കല്ല്- 2) നിർമ്മിച്ചു നൽകി. പരിപാടികൾക്ക് പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, ഫീൽഡ് കോർഡിനേറ്റേഴ്സായ ശ്രീ. എബിൻ കുറുന്താനത്ത്, ശ്രി. മെൽബിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

**SS 22/17 ട്രൈഫെഡ് പദ്ധതി - മോണിട്ടറിങ്ങ് വിസിറ്റ്**

ട്രൈഫെഡ് പ്രോജക്ടിന്റെ ഭാഗമായി കഞ്ഞിക്കുഴി പഞ്ചായത്തിൽ സൊസൈറ്റി വിതരണം ചെയ്ത തേനീച്ച കോളനികളുടെ അവസ്ഥ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി ട്രൈഫെഡിന്റെ ബാംഗ്ലൂർ ഓഫീസിൽ നിന്നും എത്തിയ സ്റ്റാഫ് അംഗങ്ങൾക്ക് ഒപ്പം പ്രോജക്ട് കോർഡിനേറ്റർ ശ്രീ. മെൽബിൻ മാത്യുവും പദ്ധതിപ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**SS 23/17 വീട്ടിൽ നാടൻ കോഴിയും മുട്ടയും പദ്ധതി**

ക്യാൻസറിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 'വീട്ടിൽ നാടൻ കോഴിയും മുട്ടയും' എന്ന പദ്ധതിക്ക് സൊസൈറ്റി ആരംഭം കുറിക്കുന്നു. ഇതിന്റെ ഭാഗമായി ഹൈടെക് കോഴികൂടുകളും, കോഴികുഞ്ഞുങ്ങളും ആവശ്യക്കാർക്ക് നല്കുകയാണ്. 3 തരത്തിലുള്ള കോഴികൂടുകളാണ് നല്കുന്നത്. 10 കോഴികളെ വളർത്താവുന്ന കൂടും 50 ദിവസം പ്രായമായ 10 കോഴിക്കുഞ്ഞുങ്ങളും ഇടവകയിൽ എത്തിച്ച് നല്കുന്നു. കോഴിക്കൂട് - 5500, കോഴിക്കുഞ്ഞ് 120 X 10 = 1200 ഉൾപ്പെടെ 6700 രൂപയാണ്. 20 കോഴികളെ വളർത്താവുന്ന കൂടും കോഴിക്കുഞ്ഞുങ്ങളും എത്തിച്ചു നല്കുന്നതിന് കോഴിക്കൂട് - 9500/- കോഴിക്കുഞ്ഞ് 120 X 20 = 2400/ - ഉൾപ്പെടെ 11900/- രൂപയാണ്. 30 കോഴികളെ വളർത്താവുന്ന കൂടും കുഞ്ഞുങ്ങളും എത്തിച്ചു നല്കുന്നതിന് കോഴിക്കൂട് - 12000/-,

കോഴിക്കുഞ്ഞ് 120 X 30 = 3600/- ഉൾപ്പെടെ 15600 രൂപയാണ്. ഈ പദ്ധതി വഴി ആരോഗ്യ പരിപാലനവും വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. കോഴി വളർത്തുന്നതിന് പരിശീലനവും നല്കും. ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് 6 മാസം കൊണ്ട് തുല്യ തവണകളായി അടച്ചു തീർക്കാവുന്ന രീതിയിൽ തവണ വ്യവസ്ഥയിലും നല്കുന്നതാണ്. അതിന് 500 രൂപ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതാണ്.

**SS 24/17 ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

സൊസൈറ്റി കാനറാ ബാങ്കുമായി സഹകരിച്ച് പുതിയൊരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുകയാണ്. ഒരു വ്യക്തിയ്ക്ക് 2450 രൂപയാണ് വാർഷിക പ്രീമിയം. പരമാവധി ഒരു ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യം ലഭിക്കും. ഒരു വർഷം കഴിഞ്ഞ് പോളിസി പുതുക്കുന്ന അവസരത്തിൽ 1500 രൂപ മെഡിക്കൽ ചെക്കപ്പിനായി കമ്പനി അനുവദിക്കുന്നതിനാൽ 950 രൂപ വീണ്ടും അടച്ച് പുതുക്കാവുന്നതാണ്. സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾക്ക് മുഴുവൻ ഈ പദ്ധതി പ്രകാരം ഇൻഷുറൻസ് എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലനം ഏറ്റവും വലിയ പ്രതിസന്ധിയായി വരുന്ന ഈ കാലഘട്ടത്തിൽ ഇൻഷുറൻസ് അനിവാര്യമാണ്. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടണം.

## തിരുബാലസഖ്യം

**HC 1/17 ആഗോള തിരുബാലസഖ്യദിനം**

ഫെബ്രുവരി മാസത്തെ രണ്ടാം ഞായറാഴ്ച (ഫെബ്രുവരി 12) ആഗോള തിരുബാലസഖ്യദിനമാണ്. അന്നേദിവസം കുഞ്ഞുങ്ങളുടെ കാഴ്ച സമർപ്പണവും, റാലിയും, വിവിധ കലാപരിപാടികളും നടത്തി ആഘോഷമായി കൊണ്ടാടുവാൻ ശ്രദ്ധിക്കുമല്ലോ.



## ചെറുപുഷ്പ മിഷൻലീഗ്

**CML 5/17 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ജനുവരി 26-ാം തീയതി നിശ്ചയിച്ചിരുന്ന ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ചില അസൗകര്യങ്ങൾ കാരണം ഫെബ്രുവരി 24-ാം തീയതിയിലേക്കു മാറ്റിയിരിക്കുന്നു. രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് ആരംഭിക്കുന്ന ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിൽ എല്ലാ ശാഖാ, മേഖലാ ജോയിന്റ് ഡയറക്ടേഴ്സും പങ്കെടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

**CML 6/17 ഉപന്യാസരചനാ മത്സരം**

സി.എം.എൽ. ഇടുക്കി രൂപതയിലെ മേഖലകളിൽ ജനുവരി 26-ാം തീയതി മദർ തെരേസാനുസ്മരണ ഉപന്യാസരചനാ മത്സരം നടത്തി. മത്സരത്തിൽ പങ്കെടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത എല്ലാ ശാഖാ, മേഖലാ ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## കെ.സി.എസ്.എൽ.

**KCSL 6/17 അഭിനന്ദനങ്ങൾ**

ജനുവരി 14-ാം തീയതി കാഞ്ഞിരപ്പള്ളിയിൽ നടന്ന KCSL സംസ്ഥാന കലോത്സവത്തിൽ ഓവർറോൾ II$^{nd}$, സാഹിത്യ മത്സരം ഓവർറോൾ I$^{st}$, ബെസ്റ്റ് II$^{nd}$ രൂപത, HSS ഓവർറോൾ, UP റണ്ണർ അപ്, HS II$^{nd}$ റണ്ണർ അപ് എന്നീ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ സാധിച്ചു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരെ ഒരുക്കിയ ആനിമേറ്റർമാർക്കും ഒപ്പം സംസ്ഥാനതലത്തിൽ HS Section ബെസ്റ്റ് ശാഖയായി തിരഞ്ഞെടുക്കപ്പെട്ട ഇരട്ടയാർ സെന്റ്

തോമസ് സ്കൂളിനും കെ.സി.എസ്.എൽ. കുടുംബത്തിന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**KCSL 7/17 കിഡ്സ് കലോത്സവം**

ഫെബ്രുവരി 4-ാം തീയതി നടത്താനിരുന്ന കിഡ്സ് കലോത്സവം അന്നേദിവസം നടക്കുന്ന 4-ാം ക്ലാസ് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് പരീക്ഷ പ്രമാണിച്ച് ഫെബ്രുവരി 24-ലേക്ക് മത്സരം മാറ്റിയിരിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ 12-ാം തീയതിക്കുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**KCSL 8/17 നന്ദി**

രൂപതാ ലീഡേഴ്സ് ക്യാമ്പ്, രോഗികൾക്കുള്ള ധ്യാനം, സംസ്ഥാന കലോത്സവം എന്നിവ ആത്മാർത്ഥതയോടെ വിജയിപ്പിച്ച സ്കൂൾ അധികൃതർ, ആനിമേറ്റേഴ്സ് എന്നിവരെ കെ.സി.എസ്.എൽ. കുടുംബം നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

## മദ്യവിരുദ്ധസമിതി

**MVS 1/17 രൂപതാ കമ്മിറ്റി**

19-01-2017 വ്യാഴാഴ്ച 4.30 p.m. ന് ഇടുക്കി സെന്റ് ജോർജ്ജ് ഫൊറോന പള്ളി പാരീഷ് ഹാളിൽ രൂപതാ കമ്മിറ്റി കൂടുകയുണ്ടായി. രൂപതാഡയറക്ടർ ഫാ. ജോസഫ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ശ്രീ. റോജസ് എം. ജോർജ്ജ് സ്വാഗതം ആശംസിച്ചു. തുടർന്ന് സംസാരിച്ച ശ്രീ. സിൽബി ചുനയംമാക്കൽ യുവജങ്ങളുടെ പങ്കാളിത്തം മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരുമെന്നതിനാൽ അതിലേക്കായുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. ജനുവരി 30 ഗാന്ധിജി രക്തസാക്ഷിത്വ ദിനം മദ്യവിരുദ്ധ ദിനമായി ആചരിച്ചുകൊണ്ട് വെള്ളയാംകുടി,



വെട്ടിക്കുഴക്കവലയിൽ വച്ച് മദ്യവിരുദ്ധ ഉപവാസം നടത്തുന്നതിനും തീരുമാനിച്ചു. ജനുവരി 30 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെയാണ് മദ്യവിരുദ്ധ ഉപവാസ സമരം. കട്ടപ്പനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദേശമദ്യശാല സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വെട്ടിക്കുഴക്കവലയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ നടത്തുന്ന ഹീനശ്രമങ്ങളുടെ ഭാഗമായി അതിൽ പ്രതിഷേധിക്കുവാൻ കൂടിയാണ് വെട്ടിക്കുഴകവല തിരഞ്ഞെടുത്തത്. രൂപതാകമ്മിറ്റി മീറ്റിംഗിൽ സിസ്റ്റർ ലീജാ എസ്.ഡി., സിസ്റ്റർ. ബിയാ MMS, ശ്രീ. മൈക്കിൾ വാഴയിൽ, ശ്രീ. ജോയി മണ്ണാംപറമ്പിൽ, ശ്രീമതി. മേരിക്കുട്ടി കിഴക്കയിൽ, ശ്രീ. ബാബു ചിരട്ടയോലിൽ, ശ്രീ. ജോസുകുട്ടി ഇളംപാശ്ശേരിൽ തുടങ്ങിയവർ പങ്കെടുത്തു.

**MVS 2/17 ജില്ലാതല കമ്മിറ്റി രൂപീകരണം**

ഇടുക്കി ജില്ലയിലെ മുഴുവൻ ലഹരിവിരുദ്ധ സംഘടനകളുടെയും സംയുക്തഫോറം രൂപീകരണം 19-01-17 2.30 p.m. ന് ഇടുക്കി സെന്റ് ജോർജ്ജ് ചർച്ച് പാരീഷ് ഹാളിൽ നടന്നു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, ഇടുക്കി ജില്ലാ മദ്യനിരോധന സമിതി, സുന്നി യുവജനസംഘം, ആർട്ട്ഓഫ് ലിവിംഗ്, ജനശ്രീ മിഷൻ തുടങ്ങിയ സംഘടനകളുടെ നേതാക്കൾ അടങ്ങിയ കമ്മിറ്റി രൂപീകരിച്ചു. രക്ഷാധികാരികളായി ഫാ. ജോസഫ് പാപ്പാടി, കെ.എച്ച്. അബ്ദുൾ കരീം മൗലവി, ടി രാജേന്ദ്രൻ എന്നിവരും ചെയർമാനായി ഡോ. വിൻസന്റ് മാളിയേക്കലും, ജനറൽ കൺവീനറായി ശ്രീ. റോജസ് എം. ജോർജ്ജും നിയമിതരായി. വൈസ് ചെയർമാൻമാ രായി ശ്രീ. വൈ.സി. സ്റ്റീഫൻ, ശ്രീമതി മേരിക്കുട്ടി പുന്നവയലിൽ, ശ്രീ. വി.എസ്. ഷംസുദ്ദീൻ, ശ്രീ. അബ്ദുൾ സലാം സഖാഫി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ജോയിന്റ് കൺവീനർമാരായി ശ്രീ. സന്തോഷ് ശ്രീശൈലം, ബിലാൽ സമദ് തൊടുപുഴ, സിസ്റ്റർ ലീജാ എസ്.ഡി. എന്നിവരും ഓർഗനൈസറായി ശ്രീ. സിൽബി ചുനയംമാക്കലും തിരഞ്ഞെടുക്കപ്പെട്ടു.

**MVS 3/17 ഗാന്ധിജി രക്തസാക്ഷിത്വ ദിനാചരണം**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 69-ാമത് രക്തസാക്ഷിത്വ ദിനം ജനുവരി 30 മദ്യവിരുദ്ധ ദിനമായി ആചരിച്ചുകൊണ്ട് വണ്ണപ്പുറം ജംഗ്ഷനിൽ സുന്നിയുവജന സംഘടന ഉൾപ്പെടെയുള്ള മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ ധർണ്ണ സംഘടിപ്പിക്കും.

# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 3/17 വിവാഹ ഒരുക്കധ്യാനം**

ഫെബ്രുവരി 13 തിങ്കൾ മുതൽ 15 ബുധൻ വരെ
മാർച്ച് 01 ബുധൻ മുതൽ 03 വെള്ളി വരെ
മാർച്ച് 27 തിങ്കൾ മുതൽ 29 ബുധൻ വരെ

സ്ഥലം :- ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111

**FA 4/17 റഫായേൽ നൈറ്റ്**

നമ്മുടെ രൂപതയിൽ വിവാഹദൈവവിളി സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കും തടസ്സങ്ങൾ നേരിടുന്നവർക്കുമായി സംഘടിപ്പിച്ചിരിക്കുന്ന ''റാഫായേൽ നൈറ്റ്'' ശുശ്രുഷ നടത്തുന്ന ഇടവകകൾ:

ഫെബ്രുവരി 1 മുതൽ 6 വരെ ചുരുളി ഫൊറോനയിലെ ഇടവകകളിലും, ഫെബ്രുവരി 7 മുതൽ 18 വരെ ഇരട്ടയാർ ഫൊറോനയിലെ ഇടവകകളിലും, ഫെബ്രുവരി 19 മുതൽ 28 വരെ വെള്ളത്തൂവൽ ഫൊറോനയിലെ ഇടവകകളിലും ''റാഫായേൽ നൈറ്റ്'' ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ സഹകരിക്കുമല്ലോ.

സമയ ക്രമീകരണത്തിന് ബന്ധപ്പെടാൻ : ഫോൺ : 9446837178
9496895111



# മാതൃവേദി

**MV 1/17 നന്ദി**

ഇടുക്കി രൂപതാ മാതൃവേദിയുടെ ധനശേഖരണാർത്ഥം സമ്മാന കൂപ്പണിൽ സഹകരിച്ച എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**MV 2/17 അഭിനന്ദനം**

ബഹു. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി മാതൃവേദി പാറത്തോടു മേഖല 13-01-17-ൽ പ്രാർത്ഥനാദിനമായി ആചരിച്ചു. മുന്നൂറിൽപരം അമ്മമാർ അതിൽ പങ്കെടുത്തു. പ്രാർത്ഥനാദിനം സംഘടിപ്പിച്ച ഡയറക്ടറച്ചനെയും മോഡറേറ്റർ സിസ്റ്ററിനെയും മറ്റു ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**MV 3/17 പ്രാർത്ഥനാദിനം**

2017 ഫെബ്രുവരി 24 ബഹു. ടോം ഉഴുന്നാലിൽ അച്ചനുവേണ്ടി പ്രാർത്ഥനാദിനമായി ആചരിക്കാൻ എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നതും ഉചിതമായിരിക്കും.

## Couples Ministry

**MV 4/17 ദമ്പതീധ്യാനം അടിമാലി**

ദമ്പതികൾക്കായി 2017 ഫെബ്രുവരി 16 മുതൽ 19 വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് ധ്യാനം നടത്തപ്പെടുന്നു.

സമയം : ഫെബ്രുവരി 16-ാം തീയതി 5.00pm - ഫെബ്രുവരി 19-ാം തീയതി 1.00pm.

**MV 5/17 ദമ്പതീധ്യാനം ആനക്കുളം**

2017 ജനുവരി 20 - 22 വരെ ആനക്കുളം സെന്റ് ജോസഫ് ദൈവാലയത്തിൽ ദമ്പതീധ്യാനം നടത്തപ്പെട്ടു. നൂറിലധികം ദമ്പതികൾ ധ്യാനത്തിൽ പങ്കെടുത്തു.

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 7/17 വരദാന വളർച്ചാധ്യാനം**

2017 ഫെബ്രുവരി 14-ന് 10 am മുതൽ 17-ാം തിയതി 2 pm വരെ വരദാന വളർച്ചാധ്യാനം പടമുഖം സ്നേഹമന്ദിരത്തിൽ നടക്കുകയാണ്. ധ്യാനത്തിന് റവ. സി. നിർമ്മൽ MSHMI & ടീം നേതൃത്വം നല്കുന്നു. ഇടുക്കി സോണിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 150 പേരോളം ധ്യാനത്തിൽ സംബന്ധിക്കുന്നതാണ്.

**PG 8/17 സോണൽ മധ്യസ്ഥ പ്രാർത്ഥന**

2017 ഫെബ്രുവരി 7 ചൊവ്വാഴ്ച 10 am മുതൽ 2 pm വരെ സോണൽ മധ്യസ്ഥ പ്രാർത്ഥന കനകക്കുന്ന് ദൈവാലയത്തിൽ നടക്കുന്നു. സോണൽ മധ്യസ്ഥ പ്രാർത്ഥനാ ടീം പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നു.

**PG 9/17 ഇടവക സെമിനാറുകൾ**

2016-17 വർഷം കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലി വർഷമാണ്. ജൂബിലിയുടെ ഭാഗമായി ഇടുക്കി സോണിലെ എല്ലാ ഇടവകകളിലും ബഹു. വികാരിയച്ചൻമാരുടെ അനുവാദത്തോടെ ഏകദിന സെമിനാർ നടത്തുവാൻ ആഗ്രഹിക്കുന്നു. 3 പേരടങ്ങുന്ന സോണൽ റിസോഴ്സ് ടീം ആണ് ഈ സെമിനാറിന് നേതൃത്വം നൽകുന്നത്.

**PG 10/17 കരിസ്മാറ്റിക് നാഷണൽ സെമിനാർ ഗോവ**

2016-17 ഫെബ്രുവരി 23 മുതൽ 26 വരെ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നാഷണൽ സർവ്വീസ് ടീം നേതൃത്വം നൽകുന്ന ഒരു സെമിനാർ ഗോവയിൽ വച്ച് നടക്കുകയാണ്. ഈ സെമിനാറിൽ ഫാ. ജോസഫ് കോയിക്കലിന്റെ നേതൃത്വത്തിൽ ഇടുക്കി സോണിൽ നിന്നും 7 പേരുടെ ടീം പങ്കെടുക്കുന്നതാണ്.



# കത്തോലിക്കാ കോൺഗ്രസ്

**AKCC 1/17 പ്രാർത്ഥനാദിനം ആചരിച്ചു**

ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും പ്രാർത്ഥനാദിനം ആചരിച്ചു.

**AKCC 2/17 പ്രതിഷേധറാലിയും പൊതുസമ്മേളനവും**

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം അനന്തമായി നീളുന്നതിൽ പ്രതിഷേച്ച് കത്തോലിക്കാ കോൺഗ്രസ് കൂമ്പൻപാറ ഫൊറോനാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അടിമാലിയിൽ വൻ പ്രതിഷേധറാലിയും പൊതുസമ്മേളനവും സംഘടിപ്പിച്ചു. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ, ഫാ. ഡോമിനിക് കോയിക്കൽ, കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളായ ജേക്കബ് കറുകപ്പിള്ളിൽ, സണ്ണി പൂങ്കൂടി, ഡേവിസ് പുതുമാടശ്ശേരി, ഷിബു തെക്കേൽ തുടങ്ങിയവർ നേതൃത്വം നല്കി.

**AKCC 3/17 കട്ടപ്പനയിൽ പ്രതിഷേധമിരമ്പി**

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ, ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം ആവശ്യപ്പെട്ടുകൊണ്ട് പ്രാർത്ഥനാറാലിയും പ്രതിഷേധ സംഗമവും നടത്തി. ഇരട്ടയാർ, വെള്ളയാംകുടി, കട്ടപ്പന ഫൊറോനകളിലെ വിവിധ ഇടവകകളിൽ നിന്നുമായി വൈദികരുടേയും സന്യസ്ഥരുടേയും നേതൃത്വത്തിൽ എത്തിച്ചേർന്ന ആയിരക്കണക്കിന് വിശ്വാസികൾ പ്രാർത്ഥനാറാലിയിലും പ്രതിഷേധ സംഗമത്തിലും പങ്കെടുത്തു. ഇടുക്കി കവലയിൽ നിന്നും ആരംഭിച്ച റാലി, ഇരട്ടയാർ ഫൊറോനാ വികാരി ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം ഉദ്ഘാടനം ചെയ്തു. ജപമാലയർപ്പണവും കുരിശിന്റെ വഴിയുമായി റാലിയിൽ അണിനിരന്നിരുന്ന വിശ്വാസികൾ കട്ടപ്പന മുൻസിപ്പൽ മിനിസ്റ്റേഡിയത്തിൽ എത്തിയതോടെ

പ്രതിഷേധ സംഗമത്തിന് തുടക്കമായി. വെള്ളയാംകുടി ഫൊറോനാ വികാരി ഫാ. ജോസ് പ്ലാച്ചിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിഷേധ കൂട്ടായ്മ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി എം. എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ, രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി, കട്ടപ്പന സെന്റ് ജോർജ്ജ് ഫൊറോനാ പള്ളി അസിസ്റ്റന്റ് വികാരി ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, രൂപതാ ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ എന്നിവർ പ്രസംഗിച്ചു. സി. എം. മത്തായി, ജോസ് മറ്റപ്പള്ളി, ജോഷി മുളങ്ങാശ്ശേരി, ജോസ് കുന്നേൽ, മാത്തുക്കുട്ടി കാരിയിൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

### AKCC 4/17 ഏകദിന ഉപവാസ സമരം

കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പ്രാർത്ഥിച്ച് നടത്തിയ ഏകദിന ഉപവാസ സമരത്തിൽ ഇടുക്കി രൂപതാ ഭാരവാഹികൾ പങ്കെടുത്തു. ഹൈക്കോർട്ട് ജംഗ്ഷനിലെ മദർ തെരേസാ സ്ക്വയറിൽ സംഘടിപ്പിച്ച ഉപവാസ സമരം പി.എസ്.സി. മുൻ ചെയർമാൻ ഡോ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സമരത്തിൽ വിവിധ രൂപതകളിൽ നിന്നെത്തിയ ഭാരവാഹികൾ പങ്കെടുത്തു. ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ വിഷയാവതരണം നടത്തി. മുൻ എറണാകുളം ജില്ലാ കളക്ടർ എം.പി. ജോസഫ്, സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു.

### AKCC 5/17 ജന്ദർമന്ദിറിൽ ഏകദിന ഉപവാസ സമരം

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിന് കേന്ദ്രസർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സമിതിയുടെയും കത്തോലിക്കാ കോൺഗ്രസ് ഡൽഹി രൂപതാ സമിതിയുടെയും നേതൃത്വത്തിൽ 2017 ഫെബ്രുവരി 6 ന് ജന്ദർമന്ദിറിൽ ഏകദിന ഉപവാസം സംഘടിപ്പിക്കുന്നു. ഇടുക്കി രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കും



### AKCC 6/17 പ്രാർത്ഥനയും പ്രതിഷേധവും തുടരണം

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും സമരപരിപാടികളും തുടരണമെന്ന് എ.കെ.സി.സി. ഇടുക്കി രൂപതാ സമിതി ആഹ്വാനം ചെയ്തു. ഈ വിഷയത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സമരപരിപാടികൾ യുക്തവും ഉചിതവുമാണെന്നും സമരപരിപാടികൾ തുടരണമെന്നുമുള്ള മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് എല്ലാ ഇടവകകളിലും സമപരിപാടികൾ തുടരേണ്ടതാണ്. സമരപരിപാടികൾ ശക്തമായതോടുകൂടി കേന്ദ്രഗവൺമെന്റ് മോചനശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് പ്രതീക്ഷാനിർഭരമാണെന്ന് രൂപതാ സമിതി വിലയിരുത്തി.

### AKCC 7/17 മലയാള മനോരമയ്ക്ക് എതിരെ വൻപ്രതിഷേധം

അന്ത്യത്താഴചിത്രം ഭാഷപോഷിണി മാസികയിൽ വികലമായി ചിത്രീകരിച്ചതിൽ പ്രതിഷേധിച്ച് മലയാള മനോരമയ്ക്ക് എതിരേ അടിമാലിയിൽ നടത്തിയ പ്രതിഷേധ യോഗത്തിൽ ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണംചിറ പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു. സണ്ണി കടുത്താഴെ മുഖ്യപ്രഭാഷണം നടത്തി. പീറ്റർ പൂണോലിൽ പ്രസംഗിച്ചു. ഡോ. ജോയി കോയിക്കകുടി, ജേക്കബ് കറുകപ്പിള്ളിൽ, സണ്ണി പൂങ്കുടി, ഡേവിസ് പുതുമാടശ്ശേരി തുടങ്ങിയവർ നേതൃത്വം വഹിച്ചു.

### AKCC 8/17 പ്രതിഷേധറാലി നടത്തി

അന്ത്യത്താഴചിത്രം ഭാഷപോഷിണി മാസികയിൽ വികലമായി ചിത്രീകരിച്ചതിൽ പ്രതിഷേധിച്ച് മലയാള മനോരമയ്ക്കെതിരേ ഇരട്ടയാറ്റിലും, തൊവരയാറ്റിലും, ഉപ്പുതോട്ടിലും, കട്ടപ്പനയിലും വമ്പിച്ച പ്രതിഷേധറാലികൾ നടത്തി. ഇരട്ടയാറ്റിൽ ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം, തൊവരയാറ്റിൽ ഫാ. തോമസ് വലിയമംഗലം, ഉപ്പുതോട്ടിൽ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി, കട്ടപ്പനയിൽ ഇടുക്കി രൂപതാ

പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ എന്നിവർ പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു.

**AKCC 9/17 ഫെബ്രുവരി 2 ന് കേന്ദ്രസമിതി ഓഫീസ് ഉദ്ഘാടനം**

കോട്ടയം-കഞ്ഞിക്കുഴിയിൽ പുതുതായി നിർമ്മിച്ച കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ഓഫീസിന്റെ ഉദ്ഘാടനം 2017 ഫെബ്രുവരി 2-ാം തീയതി മാർ റമിജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിക്കും. പ്രസ്തുത പരിപാടിയിൽ ഇടുക്കി രൂപതയിൽ നിന്നും രൂപതാ ഭാരവാഹികൾ പങ്കെടുക്കും.

## കേരള ലേബർ മൂവ്മെന്റ്

**KLM 6/17 ഇടുക്കി രൂപതാ സംഗമം**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ നേതൃസംഗമം ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച 10.00 am മുതൽ ചെറുതോണി ലയൺസ് ക്ലബ്ബ് ഹാളിൽ നടക്കും. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരിൽ ഉദ്ഘാടനം ചെയ്യും. ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം മുഖ്യപ്രഭാഷണം നടത്തും.

**KLM 7/17 കര-കടൽ-ആകാശ യാത്ര**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപത ഒരുക്കുന്ന ഏഴാമത് കര-കടൽ-ആകാശ യാത്ര ഫെബ്രുവരി 19, 20 തീയതികളിൽ നടക്കും. ട്രെയിനിലും, വിമാനത്തിലും, ബോട്ടിലുമുള്ള യാത്രയിൽ ആരാധനാലയങ്ങൾ, പട്ടണങ്ങൾ, പാർക്കുകൾ തുടങ്ങിയവ സന്ദർശിക്കുന്നു. ഫോൺ : 9495125585.

**KLM 8/17 രൂപതാ കമ്മിറ്റി**

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മിറ്റി ഫെബ്രുവരി 11-ാം തീയതി രാവിലെ 11 മണിക്ക് എഴുകുംവയൽ പള്ളി പാരീഷ് ഹാളിൽ



നടക്കും. യൂണിറ്റ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഫോറം പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കണം.

**KLM 9/17 ചികിത്സാ ധനസഹായം**

വിവിധ രോഗങ്ങളാൽ ചികിത്സയിൽ കഴിയുന്നവർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽനിന്നും റോഷി അഗസ്റ്റ്യൻ എം.എൽ.എ. മുഖാന്തിരം ധനസഹായം ലഭിക്കുന്നതിന് ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും വില്ലേജിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റും വെള്ള പേപ്പറിൽ തയ്യാറാക്കിയ കത്തും കേരളാ ലേബർ മൂവ്മെന്റ് ഓഫീസിൽ എത്തിച്ചു തരുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു തരുന്നതാണ്. ഫോൺ : 9495125585.

# ആത്മജ്യോതിയിലെ പരിപാടികൾ

**ഫെബ്രുവരി 2017**

05 - 10 : എഫ്ഫാത്താ ധ്യാനം
11 - 12 : തിയോളജി കോഴ്സ്
13 - 15 : വിവാഹ ഒരുക്ക ധ്യാനം
16 - 19 : ദമ്പതീധ്യാനം
24 - 25 : കെ.സി.വൈ.എം. വാർഷിക സെനറ്റ്
25 : സുവിശേഷോത്സവ പരിശീലനം
മാർച്ച് 01 - 03 : വിവാഹ ഒരുക്ക ധ്യാനം

# വാർത്തകളും വിശേഷങ്ങളും

**പുതിയ അപ്പസ്തോലിക് നുൺഷ്യോ**

ഇന്ത്യയിലെയും നേപ്പാളിലെയും പുതിയ അപ്പസ്തോലിക് നുൺഷ്യോ ആയി ആർച്ച്ബിഷപ്പ് ജ്യംബാത്തിസ്ത ദിക്വാത്രോയെ മാർപാപ്പ നിയമിച്ചു. അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ്പ് സാൽവത്തോരെ പെന്നാക്കിയോയെ പാപ്പാ 2016 ആഗസ്റ്റ് 6 ന് പോള

ണ്ടിലെ അപ്പസ്തോലിക് നുൺഷ്യൊ ആയി സ്ഥലം മാറ്റിയതിനെ തുടർന്നുണ്ടായ ഒഴിവിലാണ് പുതിയ നിയമനം. ഇറ്റലിയിലെ ബൊളോഞ്ഞ സ്വദേശിയാണ് പുതിയ അപ്പസ്തോലിക് നുൺഷ്യൊ ആർച്ചുബിഷപ്പ് ജ്യംബാത്തിസ്ത ദിക്വാത്രൊ. 1954 മാർച്ച് 18 ന് ജനിച്ച അദ്ദേഹം 1981 ആഗസ്റ്റ് 24 ന് പൗരോഹിത്യം സ്വീകരിക്കുകയും പിന്നീട് പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്രപരിശീലന പഠന വിഭാഗത്തിൽ ചേരുകയും 2005 ജൂൺ 4 ന് മെത്രാനായി അഭിഷിക്തനാകുകയും ചെയ്തു. 2005 ഏപ്രിൽ 2 ന് മദ്ധ്യഅമേരിക്കൻ നാടായ പനാമയിലെ അപ്പസ്തോലിക് നുൺഷ്യൊ ആയി നാമനിർദ്ദേശം ചെയ്യപ്പെട്ട ആർച്ചുബിഷപ്പ് ജ്യംബാത്തിസ്ത ദിക്വാത്രൊ, 2008 നവമ്പർ 21 ന് തെക്കേഅമേരിക്കൻ നാടായ ബൊളിവിയായിലെ അപ്പസ്തോലിക് നുൺഷ്യൊ ആയി സ്ഥലം മാറ്റപ്പെട്ടു. അവിടെ സേവനമനുഷ്ടിച്ചു വരവെയാണ് അദ്ദേഹത്തിന് ഈ പുതിയ നിയമനം ലഭിച്ചിരിക്കുന്നത്.

### 34-ാമത് ലോകയുവജനദിനാചരണം
### 2019 ജനുവരി 22 മുതൽ 27 വരെ

ആഗോളസഭാതലത്തിൽ 34-ാമത് ലോകയുവജനദിനാചരണം 2019 ജനുവരി 22 മുതൽ 27 വരെ മദ്ധ്യഅമേരിക്കൻ നാടായ പനാമയിൽ നടക്കും. ഈ യുവജനദിനാചരണത്തിന്റെ വേദിയായ പനാമ 2016-ൽ നടന്ന ലോകയുവജനദിനാചരണത്തിന്റെ സമാപനദിനത്തിൽ (ജൂലൈ 31 ന്) പ്രഖ്യാപിക്കപ്പെട്ടതാണെങ്കിലും തീയതി പരസ്യപ്പെടുത്തപ്പെട്ടത് ജനുവരി 20 വെള്ളിയാഴ്ചയാണ്. പനാമ അതിരൂപതയുടെ ആർച്ചുബിഷപ്പ് ഹൊസേ ദമീംഗൊ ഉല്ലൊ മെന്തിയെത്താ (Jose Domingo Ullo Mendieta) ഒരു വാർത്താ സമ്മേളനത്തിലാണ് ഇത് അറിയിച്ചത്. പനാമയിൽ മെച്ചപ്പെട്ട കാലാവസ്ഥ അനുഭവപ്പെടുന്ന ഒരു സമയമായതിനാലാണ് ജനുവരിമാസം ഇതിനായി തിരഞ്ഞെടുത്തതെന്ന് അദ്ദേഹം വിശദീകരിച്ചു. സാധാരണഗതിയിൽ ആഗോളസഭാതലത്തിലുള്ള ലോകയുവജനദിനാചരണം ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. ''ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ



നിറവേറട്ടെ'', വി. ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായത്തിലെ ഈ വാക്യമാണ് 34-ാമത്തെ ലോകയുവജനദിനാചരണത്തിന്റെ വിചിന്തന പ്രമേയം. ലോകയുവജനദിനാചരണം കത്തോലിക്കാസഭയ്ക്കും അഖിലലോകത്തിനും നവീകരണത്തിനുള്ള ഉത്തേജനമായി ഭവിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാനും പ്രയത്നിക്കാനും ആർച്ചുബിഷപ്പ് ഹൊസേ മെന്തിയെത്താ എല്ലാവരെയും ക്ഷണിച്ചു.

## നിര്യാതയായി



**റവ. സി. ആൻസിലെറ്റ് FCC (ചാലപ്പാട്ട്)**

| | | |
|---|---|---|
| ഇടവക | : | വാഴത്തോപ്പ് |
| ജനനം | : | 28.08.1953 |
| ആദ്യവ്രതം | : | 01.05.1972 |
| നിത്യവ്രതം | : | 03.03.1980 |
| മരണം | : | 18.01.2017 |
| മൃതസംസ്കാരം | : | 20.01.2017 (മുരിക്കാശ്ശേരി) |




01 തൊവരയാർ ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പ് നടത്തി.

* മഞ്ചിക്കവലയിൽ സ്വധർ ഭവൻ അന്തേവാസികൾക്കൊപ്പം പുതുവത്സരാഘോഷത്തിൽ പങ്കെടുത്തു.

05 പാറത്തോട് സെന്റ് ജോർജ്ജ് സ്കൂളിൽ നടന്ന കാരുണ്യഭവനങ്ങളുടെ താക്കോൽദാന പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

07\. മുട്ടുകാട് ഇടവകയിൽ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

* കുഞ്ചിത്തണ്ണിയിൽ മരണമടഞ്ഞ വെട്ടുകല്ലേൽ റോസമ്മയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 പോത്തുപാറയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പ് നടത്തി.

09-14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

17 ബിഷപ്സ് ഹൗസിൽ പ്രെസ്ബിറ്ററൽ കൗൺസിലിന് അദ്ധ്യക്ഷത വഹിച്ചു.

18 പടമുഖത്ത് സ്നേഹമന്ദിരത്തിന്റെ വാർഷികത്തിൽ പങ്കെടുത്തു.

19 മുരിക്കാശ്ശേരിയിൽ ബഹു. സി. ഡോ. ആൻസിലെറ്റ് എഫ്.സി.സി. യുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

22 കീരിത്തോട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

26 വെള്ളയാംകുടിയിൽ മാതൃവേദിവാർഷികത്തിൽ സംബന്ധിച്ചു.






03 03.00 pm - സ്കൂൾ വാർഷികം, കൂമ്പൻപാറ

* 05.00 pm - സ്കൂൾ വെഞ്ചരിപ്പ്, മാങ്കുളം

11 10.00 am - അദ്ധ്യാപക സംഗമം, രാജമുടി

* 03.00 pm - പൂർവ്വവിദ്യാർത്ഥി സംഗമം, കുഞ്ചിത്തണ്ണി

25 03.00 pm - സിമിത്തേരി വെഞ്ചരിപ്പ്, കുതിരക്കല്ല്

